


## ജപമാല : യേശുവിന്റെ തിരുമുഖ ധ്യാനം...

(1-ാം പേജ് തുടർച്ച)

യണം ചെയ്യുകയാണ്. കാരണം ജപമാലയിലെ ഓരോ വാക്കും വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.

എന്നാൽ ജോലിക്കും, ബിസിനസ്സിനും, ടി.വി. ഇന്റർനെറ്റ് വിനോദങ്ങൾക്കും അമിതപ്രാധാന്യം കൊടുക്കാൻ തുടങ്ങിയതോടെ സന്ധ്യാപ്രാർത്ഥനകൾ കുടുംബങ്ങളിൽ നിന്നും അന്യമാകുകയാണ്. ഇത് കുടുംബങ്ങളെ വലിയ ദുരന്തത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. സമാധാനവും സന്തോഷവും നഷ്ടപ്പെട്ട്, വിവാഹമോചനവും, യുവതലമുറയുടെ നാശവും കുടുംബങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്നു. തിന്മകളുടെ ഈ അതി പ്രസരത്തിൽ ഇന്റർസെക്ഷൻ ഫോർ ഇന്ത്യ ഏറ്റെടുത്തിരിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥന സംരംഭങ്ങൾക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

## പരിശുദ്ധ അമ്മ വിശ്വാസത്തിന്റെ മാതൃക...

(1-ാം പേജ് തുടർച്ച)

വിനോടുള്ള ദാഹവുമാണ്. ഈ ദാഹം സമരിയാക്കായി കൊണ്ടുവന്ന കാലിയായ കുടംപോലെയാകരുത്. അവൾക്കുണ്ടായിരുന്ന പാപത്തിലേക്കുള്ള ദാഹം പോലെയാകരുത് 'എനിക്കു ദാഹിക്കുന്നു' (യോഹ 19:20). യേശുവിന്റെ ദാഹം ആത്മാക്കൾക്കുവേണ്ടിയുള്ളതായിരുന്നു. മനുഷ്യമക്കൾക്ക് രക്ഷ നൽകാനും പരിശുദ്ധാത്മാവിനാൽ നിറയ്ക്കാനുമുള്ള ദാഹമായിരുന്നു. ഈ ദാഹവും വിശപ്പും പിന്നീട് തിരിച്ചറിഞ്ഞ സമരിയാക്കാരി മറ്റുള്ളവർക്ക് യേശുവിനെകൊടുത്തതു പോലെ നമ്മളും പരിശുദ്ധ അമ്മയോട് ചേർന്ന് സമരിയാക്കാരിയെപ്പോലെ ആയിത്തീരണം. വടക്കാഞ്ചേരിയിൽ ഫൊറോന പള്ളിയിൽ ഇന്റർസെഷൻ ഫോർ ഇന്ത്യ നേതൃത്വം നൽകിയ മരിയൻ കൺവെൻഷനിൽ സന്ദേശം നൽകുകയായിരുന്നു തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത്.

## ജപമാല ആയുധമാണ്

(1-ാം പേജ് തുടർച്ച)

പഞ്ചക്ഷത ധാരിയായ വി. പാദ്രേ പിയൊ, മദർ തെരേസ എന്നിവരെല്ലാം നമ്മുടെ കൺവെട്ടത്തു നിന്നു മറഞ്ഞിട്ട് നാളേറെയായിട്ടില്ല. ജപമാല കൈകളിലേന്തിയ അവരുടെ ജീവിതങ്ങൾ അനുഗ്രഹീതമായിരുന്നു. ജീവിതം മുഴുവൻ അനുഭവിച്ചറിഞ്ഞ സത്യം വി. പാദ്രെ പിയൊ ഒരുകൊച്ചുവാചകത്തിൽ പറഞ്ഞു : 'ജപമാല ഒരു ആയുധമാണ്'.

ലോകസമാധാനത്തിനും കുടുംബങ്ങളുടെ ഭദ്രതയ്ക്കുമായി ജപമാല ചൊല്ലുക എന്ന പരിശുദ്ധ പിതാവ് ജോൺ പോൾ പാപ്പയുടെ ആഹ്വാനത്തിന് ചെവികൊടുത്തുകൊണ്ട് ജപമാലയിലൂടെ സമാധാന വിപ്ലവത്തിനായി നമുക്ക് പരിശ്രമിക്കാം.

**ഫാ. ഷാജൻ തേർമഠം,**
ഡയറക്ടർ, അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റം,
ആബാ ധ്യാനകേന്ദ്രം, തൃശ്ശൂർ.

## വിജയം നൽകുന്ന ജപമാല

(1-ാം പേജ് തുടർച്ച)

സഭയുടെ രാജ്ഞിയായ പരിശുദ്ധ മറിയം സമ്മാനിച്ചതാണ് മിനുസമുള്ള 53 മണി മുത്തുകൾ. ബാലനായ ദാവീദ് ഫിലിസ്ത്യരെ തോൽപിച്ച കല്ലുകളുടെ ശക്തിയെക്കാൾ കരുത്ത് ഈ മണിമുത്തുകൾക്കുണ്ടെന്ന് റാണി ജോൺ കഞ്ചിക്കോട് ഉദ്ബോധിപ്പിച്ചു. ഇന്റർസെഷൻ ഫോർ ഇന്ത്യയുടെ വടക്കാഞ്ചേരിയിലെ മരിയൻ കൺവെൻഷനിൽ സന്ദേശം നൽകുകയായിരുന്നു അവർ.

## ആത്മീയ പിതാക്കന്മാരുടെ വാക്കുകളിലൂടെ...

ക്ഷേമത്തിനും ഐശ്വര്യത്തിനും സാഹോദര്യത്തിനും വേണ്ടി ഇന്നു മാത്രമല്ല ഓരോ ദിവസവും ഒരു ജപമാലയെങ്കിലും ചൊല്ലി നമുക്ക് പ്രാർത്ഥിക്കാം. മാതൃരാജ്യത്തോടുള്ള നമ്മുടെ സ്നേഹം ക്രിസ്തുസ്നേഹത്തിന്റെ മറ്റൊരു പതിപ്പായി മാറട്ടെ. ജപമാല പ്രാർത്ഥനകളിലൂടെ നമുക്കും ജീവിക്കുന്ന ജപമാലകളായി മാറാം.

**ഫാ. ജോസ് മുണ്ടാടൻ OFM, Cap**

ഞ്ഞുവെക്കുന്നു. മറിയം വിശ്വാസികൾക്ക് മാതാവാണ്, മാതൃകയാണ്, മദ്ധ്യസ്ഥയാണെന്ന്. ജപമാലയിലൂടെയുള്ള പ്രാർത്ഥന ദൈവതിരുമുമ്പിൽ വിലയേറിയ മദ്ധ്യസ്ഥ പ്രാർത്ഥനയാണ്. അതോടൊപ്പം ജപമാല തിരുവചനം ഉപയോഗിച്ചുകൊണ്ടുള്ള പ്രാർത്ഥനകൂടിയാണ്. വചനമാകുന്ന ദൈവത്തിന്റെ അഭിഷേകവും, ശക്തിയും, വിടുതലും, കൃപയും, വിശുദ്ധീകരണവും എല്ലാ സംസ്ഥാനങ്ങളോടും കൂടെ ഉണ്ടായിരിക്കട്ടെ. ഈയൊരു ഉദ്യമത്തിൽ നമുക്കൊരുമിച്ച് സഹകാരികളാകാം. നല്ലവനായ തമ്പുരാൻ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ നമ്മുടെ എല്ലാ ശുശ്രൂഷകളെയും അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. ബിജു പാണേങ്ങാടൻ**
മുൻ ഡയറക്ടർ, ആബാ ധ്യാനകേന്ദ്രം & അതിരൂപത കരിസ്മാറ്റിക് നവീകരണം, തൃശ്ശൂർ

**നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങൾ എന്തുമാകട്ടെ... ഞങ്ങളെ വിളിക്കുക... നിങ്ങൾക്കുവേണ്ടി ഞങ്ങൾ കൈകൾ ഉയർത്താം....**

പ്ലോട്ട് No.G-17, ഗ്രീൻപാർക്ക് അവന്യൂ,
ദയഹോസ്പിറ്റലിനു മുൻവശം, തിരുവമ്പാടി പി.ഒ,
തൃശൂർ-22. Ph: **0487 2325574**
(Time: 9.30 am to 4.30 pm), Mob: **8714817184**
wwww.intercessionforindia.org
Email : intercessionforindia@gmail.com,

## ഇന്റർസെഷൻ ഫോർ ഇന്ത്യ–പ്രവർത്തനം....

(1-ാം പേജ് തുടർച്ച)

യുടെ വിമലഹൃദയത്തിന് കാഴ്ചവെക്കുന്നു. ഇന്ത്യയിലെ 29 സംസ്ഥാനങ്ങൾക്കുവേണ്ടി 29 ജപമാലയും 6 കേന്ദ്രഭരണ പ്രദേശങ്ങൾക്കുവേണ്ടി ഒരു ജപമാലയും ഈ പ്രാർത്ഥനശൃംഖലയിൽ അംഗങ്ങളായവർക്ക് വേണ്ടി ഒരു ജപമാലയും ചൊല്ലുന്നു.

**ലക്ഷ്യം** * **ദിവസവും ഒരു ലക്ഷം ജപമാല** : കേരളത്തിൽ നിന്നും ഇന്ത്യയ്ക്കുവേണ്ടി ദിവസവും ഒരു ലക്ഷം ജപമാല ചൊല്ലുന്ന ഒരു പ്രാർത്ഥനാശൃംഖല രൂപപ്പെടുത്തുകയെന്നതാണ് പ്രഥമ ലക്ഷ്യം. അഞ്ച് വർഷത്തിനുള്ളിൽ ഈ ലക്ഷ്യം കൈവരിക്കാമെന്ന് വിശ്വസിക്കുന്നു.

* ഇന്ത്യയിലെ 29 സംസ്ഥാനങ്ങളിലും തൃശ്ശൂരിൽ ആരംഭിച്ചതുപോലെ 31 ജപമാല ചൊല്ലുന്ന ഗ്രൂപ്പുകൾ സഭയോട് ചേർന്നുനിന്ന് ആരംഭിക്കും.

* ഇന്ത്യയ്ക്ക് പുറത്തുള്ള മലയാളികളെയും ഈ ജപമാല പ്രാർത്ഥനയിലേക്ക് കണ്ണികളാക്കും. ഇതിന്റെ തുടക്കമെന്നോണം യു.എ.ഇ. ഇറ്റലി എന്നിവിടങ്ങളിൽ ഇന്ത്യയ്ക്ക് വേണ്ടി 31 ജപമാല ചൊല്ലുന്ന ഗ്രൂപ്പുകൾ തുടങ്ങിക്കഴിഞ്ഞു.

* ഇടവകകൾതോറും ജപമാലയുടെ പ്രാധാന്യത്തെക്കുറിച്ചും ഇന്ത്യയ്ക്ക് വേണ്ടി പ്രാർത്ഥിക്കുകയെന്ന ദൗത്യത്തെക്കുറിച്ചും പ്രഭാഷണങ്ങളും പ്രാർത്ഥനകളും ധ്യാനങ്ങളും ബോധവത്ക്കരണവും നടന്നുകൊണ്ടിരിക്കുന്നു.

* മീഡിയായിലൂടെയും ഇന്റർസെഷൻ ഫോർ ഇന്ത്യയുടെ ശുശ്രൂഷകളെ വിപുലപ്പെടുത്തും.

### ആത്മീയ പിതാക്കന്മാർ

* റവ. ഫാ. ജോസ് മുണ്ടാടൻ OFM Cap, തൃശ്ശൂർ അതിരൂപതാ കരിസ്മാറ്റിക് നവീകരണം, ആബാ ധ്യാനകേന്ദ്രം എന്നിവയുടെ മുൻ ഡയറക്ടർ റവ. ഫാ. ബിജു പാണേങ്ങാടൻ എന്നിവരാണ് ഇന്റർസെഷൻ ഫോർ ഇന്ത്യയുടെ ആത്മീയ പിതാക്കന്മാർ. ഇവരുടെ നേതൃത്വത്തിൽ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും സഹായമെത്രാൻ മാർ റാഫേൽ തട്ടിലിന്റെയും അറിവോടെയും പ്രാർത്ഥനയോടെയു മാണ് ഈ കൂട്ടായ്മ പ്രവർത്തിച്ചുവരുന്നത്.

### സഭയോടും സഭാ നേതൃത്വത്തോടുമുള്ള വിധേയത്വം

*തൃശ്ശൂർ അതിരൂപത നേതൃത്വത്തിന്റെയും കെ.സി. ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ മാർ റാഫേൽ തട്ടിലിന്റെയും പൂർണ്ണമായ അറിവോടെ സഭാനേതൃത്വത്തിന് വിധേയപ്പെട്ടുള്ള പ്രവർത്തനം മാത്രമാണ് ലക്ഷ്യമിടുന്നത്.

* ഭാരതസഭയുടെ നവസുവിശേഷവത്ക്കരണത്തിനുവേണ്ടി അനേകം കൈകൾ ഉയരണം. സഭയുടെ വളർച്ചയും വൈദിക സന്യാസ സമൂഹങ്ങളുടെ ശക്തമായ പ്രവർത്തനവും ഇന്ത്യയിലെ മിഷ്യൻ പ്രവർത്തനങ്ങൾക്കും സഹായമാകുന്ന പ്രാർത്ഥനകളും ലക്ഷ്യമിടുന്നു.


ചിറ്റിലപ്പിള്ളി പള്ളിയിൽ IFI പ്രാർത്ഥനാ കൂട്ടായ്മ


തമിഴ്നാട് വാൽപ്പാറയിൽ IFI പ്രാർത്ഥനാ കൂട്ടായ്മ


കണ്ണൂർ പള്ളിയിൽ IFI പ്രാർത്ഥനാ കൂട്ടായ്മ


കണ്ടശ്ശാങ്കടവ് പള്ളിയിൽ IFI പ്രാർത്ഥനാ കൂട്ടായ്മ


ആഗ്രയിൽ (യു.പി.) ഹോളി ഫാമിലി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തിയ IFI പ്രാർത്ഥനാകൂട്ടായ്മ


മുണ്ടൂർ പള്ളിയിൽ IFI പ്രാർത്ഥനാ കൂട്ടായ്മ


വരടിയം പള്ളിയിൽ IFI പ്രാർത്ഥനാ കൂട്ടായ്മ


ചെന്നൈ കാഞ്ചിപുരം IFI പ്രാർത്ഥനാകൂട്ടായ്മ


വേലൂർ പള്ളിയിൽ IFI പ്രാർത്ഥനാ കൂട്ടായ്മ


യു.എ.ഇ (ദുബായ്) IFI പ്രാർത്ഥനാഗ്രൂപ്പ് ഉദ്ഘാടനം ചെയ്യുന്നു